# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **6943** 10.07.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പിന്നോക്ക സമുദായ വകുപ്പ് നടപ്പാക്കിയ പദ്ധതികളും ആനുകൂല്യങ്ങളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പിന്നോക്ക സമുദായ വകുപ്പവഴി നടപ്പാക്കിയ വിവിധ സാമ്പത്തിക സഹായ പദ്ധതികളും നൽകിയ ആനുകൂല്യങ്ങളും എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പിന്നോക്ക സമുദായ വകുപ്പവഴി നടപ്പാക്കിയ വിവിധ സാമ്പത്തിക സഹായ പദ്ധതികളും നൽകിയ ആനുകൂല്യങ്ങളും താഴെപ്പറയുന്നു.<br>1. <u>ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്</u><br>സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്<br><u>ക്ലാസ്സ്</u> <u>നിരക്ക്</u><br>I മുതൽ V വരെ - 750/- രൂപ<br>VI മുതൽ VIII വരെ - 900/- രൂപ<br>IX മുതൽ X വരെ - 1000/-രൂപ<br>2. <u>അഡ്വക്കേറ്റ് ഗ്രാന്റ്സ്</u><br>യുവ അഭിഭാഷകർക്ക് പ്രാക്ടീസ് ആരംഭിക്കു ന്നതിന് ആദ്യ മൂന്നു വർഷം പ്രതിവർഷം 7500/- രൂപ വീതം ഗ്രാന്റ്<br>3. <u>ഓവർസീസ് സ്കോളർഷിപ്പ്</u><br>മികച്ച വിദേശ സർവ്വകലാശാലകളിൽ ഉന്നത പഠനത്തിന് പ്രവേശനം ലഭിക്കുന്ന ഒ.ബി.സി വിദ്യാർത്ഥികൾക്ക് 10 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നല്കുന്ന പദ്ധതി ആരംഭിച്ചു. വിതരണ നടപടികൾ പുരോഗമിക്കുന്നു.<br>4.<u>എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം</u><br>വിവിധ മത്സര പരീക്ഷകൾക്കും മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്കും പരിശീലന ഗ്രാന്റ്<br><u>നിരക്ക്</u><br>സിവിൽ സർവ്വീസ് - 50000/- രൂപ<br>മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് - 30000/- രൂപ<br>ബാങ്കിങ്ങ് പരീക്ഷ - 20000/- രൂപ<br>പി.എസ്.സി/യു.പി.എസ്.സി/ എസ്.എസ്.സി/ മറ്റ് പരീക്ഷകൾ - 5000/- രൂപ |

<table>
<tr>
<td>(ബി)</td>
<td>എത്ര കുടുംബങ്ങൾക്കാണ് ഇത്തരം ആനുകൂല്യങ്ങൾ നൽകിയതെന്നുള്ളതിന്റെ സമുദായം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;</td>
<td>(ബി)</td>
<td><u>സമുദായടിസ്ഥാനത്തിൽ വിവരം ശേഖരിച്ചിട്ടില്ല. എന്നാൽ ആനുകൂല്യങ്ങൾ അനുവദിച്ച ആകെ കുടുംബങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.</u>
<table>
<tr><th><u>വർഷം</u></th><th><u>സ്കീം</u></th><th><u>അനുവദിച്ച കുടുംബങ്ങൾ</u></th></tr>
<tr><td>2014-15</td><td>ഒ.ബി.സി. പ്രീമെട്രിക്</td><td>3,81,055</td></tr>
<tr><td></td><td>അഡ്വക്കേറ്റ്സ് ഗ്രാന്റ്സ്</td><td>160</td></tr>
<tr><td></td><td>ഓവർസീസ് സ്കോളർഷിപ്പും</td><td>8</td></tr>
<tr><td></td><td>എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം</td><td>1705</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>സംസ്ഥാനത്തെ ഏറ്റവും വലിയ പിന്നോക്ക സമുദായമായ മുസ്ലീങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിൽ നിന്നും എന്തൊക്കെ സഹായങ്ങൾ ചെയ്തുവെന്ന് വിശദീകരിക്കാമോ;</td>
<td>(സി)</td>
<td>എല്ലാ സ്കീമുകളിലും മുസ്ലീം വിഭാഗം ജനങ്ങൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. എന്നാൽ, കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം മറ്റേതെങ്കിലും സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് പിന്നോക്ക വിഭാഗ വികസന വകുപ്പിൽ നിന്ന് അനുവദിക്കുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയില്ല. ആയതിനാൽ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ന്യൂനപക്ഷ സ്കോളർഷിപ്പും പട്ടികജാതി വികസന വകുപ്പിൽ നിന്ന് ഒ.ഇ.സി. ആനുകൂല്യങ്ങളും ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് അനുവദിക്കാൻ കഴിയില്ല.</td>
</tr>
<tr>
<td>(ഡി)</td>
<td>പിന്നോക്ക സമുദായ വകുപ്പ് വഴി നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ വിശദീകരിക്കാമോ?</td>
<td>(ഡി)</td>
<td>നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ കൂടാതെ മിഷൻ 676-ൽ മൂന്ന് പദ്ധതികൾ പരിഗണിക്കുന്നുണ്ട്.<br>1. ഒ.ബി.സി വിഭാഗത്തിൽപ്പെട്ട വിധവ/അഗതികൾക്ക് ഭവന നിർമ്മാണം<br>2. പരമ്പരാഗത ബാർബർമാർ, അലക്ക തൊഴിലാളികൾ എന്നിവർക്ക് തൊഴിൽ നവീകരണ ഗ്രാന്റ്.<br>3. ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ